DESPATCHED
On..05/03/2020

6/02/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ CP.No.785(6)/2016/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.13407/SIC-Gen5/2016**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. പി.എം. പ്രദീപ്,
പാറയിൽ വീട്,
പെരുമ്പായിക്കാട് പി.ഒ.,
സംക്രാന്തി, കോട്ടയം.
} പരാതി ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്,
കോട്ടയം.
2) അപ്പീൽ അധികാരി &
റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ,
റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്,
കോട്ടയം.
} എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 29/07/2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 17/08/2016 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 31/08/2016 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 07/12/2016 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 26/10/2016 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 31/10/2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 23/11/2016 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 09/12/2016 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 05/02/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കോട്ടയം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. പി.എം. പ്രദീപ്, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമായിരുന്നില്ല എന്നും ആയതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ നൽകിയെങ്കിലും ആയതിന്മേൽ യാതൊരു മറുപടിയും ലഭ്യമായിട്ടില്ല എന്നും മറ്റുമാണ്.

RIGHT TO INFORMATION

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, വാഹനം നിരത്തിലൂടെ ഓടിക്കുമ്പോൾ വാഹനത്തിൽ സൂക്ഷിക്കേണ്ട ആർ.സി. ബുക്കിന്റെയും ഡ്രൈവിംഗ് ലൈസൻസിന്റെയും അറ്റസ്റ്റ് ചെയ്ത കോപ്പി സൂക്ഷിച്ചാൽ മതിയോ എന്നും അതിന് നിയമസാധുതയുണ്ടോ എന്നുമാണ്.

3. കമ്മീഷൻ മുമ്പാകെ ഹാജരായ പരാതി ഹർജിക്കാരൻ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് അപ്പീൽ അധികാരിയുടെ മറുപടി ലഭിച്ചിട്ടുള്ളതാണെന്നും ആയതിനാൽ ഈ അവസരത്തിൽ ടിയാന് മേൽപ്പടി പരാതി ഹർജി സംബന്ധിച്ച് യാതൊരു പരാതിയുമില്ല എന്നുമാണ്.

4. മേൽ സാഹചര്യത്തിൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 6-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

us

RIGHT TO INFORMATION